**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2455**

**9/12/2014 ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ ഏജൻസിയുടെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(ബഹു.വ്യവസായവുംവിവരസാങ്കേതികവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ ഏജൻസിയുടെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജൈവ കശുമാവ് കൃഷി വികസനവും അസംസ്കൃത തോട്ടണ്ടി സംഭരണവും എന്ന പദ്ധതിയ്ക്കായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷന് 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ, നടപ്പ് സാമ്പത്തിക വർഷം 3150 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ 2012-13,2013-14, സാമ്പ ത്തിക വർഷത്തിൽ നൽകിയ കശുമാവിൻ തൈകൾക്കുള്ള ധന സഹായ വിതരണം നടന്നു കൊണ്ടി രിക്കുന്നു. കൂടാതെ കർഷകർക്കായുള്ള ട്രെയിനിംഗുകളും സെമിനാറുകളും സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചു എന്നറിയിക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11450 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ച് എന്നറിയിക്കാമോ ; | (സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം രൂപാ ലഭിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തുക യൊന്നും ഏജൻസിയ്ക്ക് ലഭിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം നൽകുമോ ; | (ഡി) പ്രസ്തുത തുക ഉപയോഗിച്ച് ഏജൻസി കർഷകർക്കുള്ള ധനസഹായമായി 271.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗിനും സെമിനാറിനുകൾക്കുമായി 1.49 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനത്തിൽ 27.48 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) 2015-16 സാമ്പത്തിക വർഷത്തേയ്ക്കു വേണ്ടി പുതിയ പ്രൊപ്പോസൽ നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഇ) സുസ്ഥിര കശുമാവ് കൃഷി വികസനം രണ്ടാംഘട്ടം എന്ന പദ്ധതിയ്ക്കായി 4889.69 ലക്ഷം രൂപയുടെ കരട് നിർദ്ദേശങ്ങൾ സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

Anadem

സെക്ഷൻ ഓഫീസർ